**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 189** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ചിറയിൻകീഴ് താലൂക്ക് ആശുപത്രി വികസന പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി നിലവിലുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി നടപ്പിലാക്കിവരുന്ന KIIFB പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകളും രണ്ടാമത്തെ പാക്കേജായ MEP (Mechanical, Electrical & Plumbing) വർക്കുകളും ഏകദേശം 99% പൂർത്തിയായിട്ടുണ്ട്. MEP വർക്കുകളിൽ ടെസ്റ്റിംഗ് ആൻഡ് കമ്മീഷനിംഗ് മാത്രമാണ് പൂർത്തീകരിക്കാനുള്ളത്.

പുതിയ കെട്ടിടത്തിൽ വിവിധ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി താഴെപ്പറയുന്ന രീതിയിലാണ് സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്:

1. ബേസ്മെന്റ് - സ്റ്റോർ, പവർ ലോൺട്രി.

2. ഗ്രൗണ്ട് ഫ്ലോർ - കാഷ്വാലിറ്റി, മൈനർ ഓപ്പറേഷൻ തീയേറ്റർ.

3. ഒന്നാം നില - X-Ray യൂണിറ്റ്, ഡയാലിസിസ്, USG

4. രണ്ടാം നില - സർജിക്കൽ മെയിൽ വാർഡ് (24 കിടക്ക), സർജിക്കൽ ഫീമെയിൽ വാർഡ് (24 കിടക്ക), ഒഫ്ത്താൽമോളജി വാർഡ് (10 കിടക്ക).

5. മൂന്നാം നില - മെഡിക്കൽ സർജിക്കൽ ICU (16+18 കിടക്ക), ബ്ലഡ് ബാങ്ക്.

6. നാലാം നില - ഓപ്പറേഷൻ തിയേറ്റർ (4 ടേബിൾ), പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് (11 കിടക്ക).

7. അഞ്ചാം നില - CSSD, സർവീസ് ഫ്ലോർ

നിലവിലുള്ള മെയിൽ, ഫീമെയിൽ വാർഡുകൾ ഉൾപ്പെടുന്ന പഴയ കെട്ടിടം ഡിമോളിഷ് ചെയ്യേണ്ട സാഹചര്യമുള്ളതിനാൽ പുതിയ കെട്ടിടത്തിലെ രണ്ടും മൂന്നും നിലകൾ യഥാക്രമം മെയിൽ, ഫീമെയിൽ വാർഡുകളായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ഏകദേശം 140 വിഭാഗങ്ങളിലായി ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ KMSCL മുഖേന സ്വീകരിച്ചു വരുന്നു.

**(ബി)** പദ്ധതിയുടെ ആകെ അടങ്കൽ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ എത്രയാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** പദ്ധതിയ്ക്കായി ആകെ അനുവദിച്ച തുക ₹54.69 കോടി ആണ്. ഇതുവരെ ₹50.18 കോടി വിനിയോഗിച്ചിട്ടുണ്ട്.

**(സി)** പദ്ധതിയിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കൈമാറുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും MEP പ്രവർത്തനങ്ങളും ഏകദേശം പൂർത്തീകരിച്ചിട്ടുള്ളതാണ്. MEP പ്രവർത്തനങ്ങളിൽ ടെസ്റ്റിംഗ് ആൻഡ് കമ്മീഷനിംഗ് പൂർത്തിയാക്കാനുണ്ട്. കൂടാതെ താഴെപ്പറയുന്ന പ്രവൃത്തികളും ലഭ്യതകളും പൂർത്തീകരിക്കേണ്ടതുണ്ട്.

- KMSCL മുഖേന ലഭ്യമാക്കേണ്ട ശേഷിക്കുന്ന ഉപകരണങ്ങളുടെ വിതരണം.
- ഡയാലിസിസ് യൂണിറ്റിനുള്ള 12 മെഷീനുകളുടെ വിതരണം.
- ഡയാലിസിസ് യൂണിറ്റിന്റെ RO Plant-ന്റെ ശേഷിക്കുന്ന ഉപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ.
- Modular OT-യുടെ പ്രവർത്തനങ്ങൾ.
- CSSD പ്രവർത്തനങ്ങളുടെ പൂർത്തീകരണം.
- X-Ray യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ False Ceiling, Lead Door, Lead Glassഎന്നിവയുടെ ക്രമീകരണം.
- KSEB-യുടെ HT Feeder Connection പ്രവർത്തനങ്ങളുടെ പൂർത്തീകരണം.
- ഫർണിച്ചർ വിതരണം/ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള കരാർ നടപടികളുടെ പൂർത്തീകരണം.
- Office Renovation, ACP Canopy Ceiling Works എന്നിവയുടെ പൂർത്തീകരണം.
- പുതിയ ആശുപത്രി കെട്ടിടത്തിന് ആവശ്യമായ കിടക്കകളുടെ ലഭ്യത ഉറപ്പാക്കൽ.

പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കുന്നതിനുള്ള നിശ്ചിത സമയപരിധി 2027 ജനുവരി 30 ആണ്.

**സെക്ഷൻ ഓഫീസർ**